പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1837 **26-10-2026-ൽ മറുപടിയ്ക്ക്**

വയോമിത്രം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) 2011-ൽ നടപ്പിലാക്കിയ വയോമിത്രം പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക്, കഴിഞ്ഞ മൂന്ന് വർഷത്തോളമായി ആവശ്യമായ മരുന്നുകൾ പല കേന്ദ്രങ്ങളിലും ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദീർഘമായ കാലയളവിൽ മരുന്നുകൾ ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; മരുന്നുകൾ എല്ലാ കേന്ദ്രങ്ങളിലും സമയബന്ധിതമായി എത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

മറുപടി: വയോമിത്രം പദ്ധതി പ്രകാരം ലഭ്യമാക്കിയിരുന്ന മരുന്നുകളുടെ വിതരണത്തിൽ ഉണ്ടായ തടസ്സങ്ങൾ പരിഹരിച്ച് മരുന്നുകളുടെ വിതരണം സുഗമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിരുന്ന മെഡിക്കൽ ഓഫീസർമാരെ രണ്ടു വർഷത്തോളമായി ദിവസവേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് നിയമിക്കുന്നത് പദ്ധതിയുടെ നല്ല നടത്തിപ്പിനെയും സ്ഥിരതയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: വയോമിത്രം പദ്ധതിയുടെ സുഗമമായ നടത്തിപ്പും സേവനങ്ങളുടെ തുടർച്ചയും ഉറപ്പാക്കുന്നതിനായി മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി, വയനാട് തുടങ്ങിയ മലയോര ജില്ലകളിൽ യോഗ്യരായ ഉദ്യോഗാർഥികളുടെ ലഭ്യത കുറവ് ഉൾപ്പെടെയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചാണ് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്തവിധം നിലവിലുള്ള താല്ക്കാലിക നിയമന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേക്ക് രണ്ടു വർഷമായി ദിവസവേതനടിസ്ഥാനത്തിൽ പോലും ഒഴിവ് വരുന്ന മുറയ്ക്ക് പുതുതായി ആരെയും നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ;

<u>മറുപടി:</u> പദ്ധതിയുടെ സുഗമമായ നടത്തിപ്പും സേവനങ്ങളുടെ തുടർച്ചയും ഉറപ്പാക്കുന്നതിനായി നിലവിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(ഡി) വയോമിത്രം പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>മറുപടി:</u> ഇക്കാര്യം സർക്കാർ പരിശോധിച്ചു ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ